
ജി.എച്ച്.എസ്.എസ്.ശ്രീപുരം
മണക്കടവ്
ഗവ:ഹയർസെക്കണ്ടറി സ്കൂൾ ശ്രീപുരം
സുവർണ ജൂബിലി (1962-2012) സ്മാരക പ്രവേശന കവാടം
എഴുത്താണി

GHSS SREEPURAM

# ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ ശ്രീപുരം

## മണക്കടവ്








# എഴുത്താണി

## ലിറ്റിൽകൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | P. V. വിജയൻ (ഹെഡ് മാസ്റ്റർ) |
| സ്റ്റാഫ് എഡിറ്റർ | : | സജന സേവ്യർ (കൈറ്റ് മിസ് ട്രസ്) |
| സ്റ്റുഡന്റ്  എഡിറ്റർ | : | ശ്രീഷ്മ കെ.എസ് |
| സബ്ബ് എഡിറ്റേർസ് | : | മീനാക്ഷി ബിനീഷ് |
| | | കൃഷ്ണേന്ദു കെ.എസ് |
| | | അഞ്ജന റോയ് |
| | | പ്രണവ് സി.മനോജ് |
| | | മനു മോഹനൻ |
| കവർപേജ് | : | ചന്ദന ലാൽ |
| | | അമൽ ബാബു |
| സാകേതിക സഹായം | : | ഡിനിമോൾ പി സി |
| | | സി.ബി.കൃഷ്ണൻകുട്ടി |
| | | സ്മിത എസ്. ആർ |
| | | ബിൻസി ടൈറ്റസ് |
| | | കെ.ടി സുരേഷ് കുമാർ |
| | | സരിത മാത്യു |
| | | മറ്റ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ |



# എഡിറ്റോറിയൽ

*വാക്കുകളും വർണങ്ങളും അന്യവത്കരിക്കപ്പെടുന്ന*
*കറുത്തകാലത്തിന്റ് മുനമ്പിൽ തകർന്നപോയ*
*കപ്പൽ ഛേദങ്ങളുടെ കാഴ്ചപ്പുറങ്ങളിൽ*
*തരിവെളിച്ചമെന്നോണം ബാക്കിയാവുന്ന സ്വപ്നങ്ങൾ*
*അക്ഷരങ്ങളായി ഇവിടെ പുനർജനി കാണുന്നു.*
*ഇലത്തുമ്പുകളിൽ മഞ്ഞുകണികകൾ പോലെ*
*പിഞ്ചുനാവുകളിൽ വയമ്പും..... നാരായവും.*
*അക്ഷരങ്ങൾക്ക് അനന്തമായ നക്ഷത്രശോഭ...*
*കനിവും കിനാവുമറ്റ ,ആരും ആർക്കും*
*കാവലാളാകാത്ത കാലത്തിനൊരു മറുവാക്ക്.*
*പ്രത്യാശകളുടെ ശംഖധ്വനികൾ....*
*ദൈവത്തിന്റെ കൈയ്യൊപ്പ് ഹൃദയത്തിലേറ്റുവാങ്ങിയ*
*പിഞ്ചുബാല്യങ്ങൾക്ക് അക്ഷരങ്ങളുടെ*
*ജീവസ്പന്ദനങ്ങൾ.... ഇവിടെ വാക്കുകൾ... വരകൾ*
*സർഗക്രിയകളുടെ അനന്തശോഭകൾ...*

*സസ്നേഹം*
*സ്റ്റുഡന്റ് എഡിറ്റർ*

# സന്ദേശം




*കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി KITE-ന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ഐ.ടി. രംഗത്ത് ആഭിമുഖ്യം പുലർത്തുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകാൻ ആരംഭിച്ച കുട്ടികളുടെ സംഘടനയാണ് LITTLE KITES.നമ്മുടെ ജി.എച്ച്.എസ്.എസ്.ശ്രീപുരം സ്കൂളിൽ ആരംഭിച്ച ഈ യൂണിറ്റിൻെറ ആദ്യപ്രവർത്തനമായ ഡിജിറ്റൽ മാഗസീൻ "എഴുത്താണി"ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ഇതിന്റെ എല്ലാ ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സ്കൂൾ കൈറ്റ് മാസ്റ്റേഴ്സിനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ!!*

# ആശംസ




നമ്മുടെ രാജ്യത്തെ ഏറ്റവും വിപുലമായ കുട്ടികളുടെ ഐ.ടി.കൂട്ടായ്മയായി വളർന്ന "ലിറ്റിൽ കൈറ്റ്സി"ലെ അംഗങ്ങളായ ജി.എച്ച്.എസ്.എസ്. ശ്രീപുരത്തെ എല്ലാ കൊച്ചുകൂട്ടുകാരെയും അതിന് നേതൃത്വം നൽകുന്ന സജന ടീച്ചറേയും ബിൻസി ടീച്ചറേയും പ്രത്യകം അനുമോദിക്കുന്നു. സൈബർ സുരക്ഷ മുതൽ ഐ.ടി. മേഖലയിലെ നൂതന പ്രവണതകൾ വരെ കുട്ടികളെ പരിശീലിപ്പിക്കുകയും ഇപ്പോൾ മനോഹരമായ ഒരു ഐ.ടി. മാഗസിൻ തയ്യാറാക്കുകയും ചെയ്ത സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബിന് എല്ലാ ആശംസകളും നേരുന്നു.

മാർട്ടിൻ മാത്യു പി.ജെ

# താളുകളിലൂടെ ......


| ക്രമ നമ്പർ | വിവരണം | പേജ് നമ്പർ |
|---|---|---|
| 1. | ശ്രീപുരം - വളർച്ചയുടെ സഞ്ചാരപഥത്തിൽ | 8 |
| 2 | ഓർമ്മച്ചെപ്പ് | 14 |
| 3 | കമ്പ്യൂട്ടറിന്റെ കഥ | 16 |
| 4 | ഇന്ത്യയുടെ ചാന്ദ്രപര്യവേഷണം | 21 |
| 5 | അപൂർണ്ണമായ കാഴ്ചകൾ | 25 |
| 6 | Relevance of ‘THE MAHATMA’ | 27 |
| 7 | പൊതുവിജ്ഞാനം | 29 |
| 8 | നഷ്ടപ്പെട്ട കിനാവുകൾ | 33 |
| 9 | Nature | 34 |
| 10 | കർണ്ണാടകയുടെ മണ്ണിലേയ്ക്ക് | 35 |
| 11 | യാത്രാമൊഴി | 37 |
| 12 | സന്മനസ്സുള്ളവർക്ക് സമാധാനം | 38 |
| 13 | Time is still going | 39 |
| 14 | കലാ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം | 41 |
| 15 | സൂര്യന്റെ വിലാപം | 42 |
| 16 | Rain | 43 |
| 17 | മാർച്ച് | 44 |
| 18 | എന്റെ വിദ്യാലയം | 45 |
| 19 | Medicinal Plants | 46 |
| 20 | On shooting and Education | 49 |
| 21 | ജീവിത നൈപുണികൾ വിദ്യാർത്ഥികളിൽ | 52 |
| 22 | നിഴൽ | 55 |
| 23 | ശ്രീപുരം - നാൾവഴികളിലൂടെ ... | 56 |

# ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ, മണക്കടവ് വളർച്ചയുടെ സഞ്ചാരപഥങ്ങളിലൂടെ




ഉത്തരമലബാറിൻെറ വിദ്യാഭ്യാസ രംഗത്ത് തിലകക്കുറിയായി പ്രശോഭിക്കുന്ന മണക്കടവ് ശ്രീപുരം ഗവ. ഹയർസെക്കഡറി സ്കൂൾ, അതിൻെറ വളർച്ചയുടെ നാൾവഴികളിൽ ചരിത്രപരവും സാസ്കാരികവുമായ ഒട്ടേറെ പരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ട്. 1962-ൽ മണക്കടവിനടുത്ത് മുക്കടയിൽ പ്രവർത്തനമാരംഭിച്ച ഏകാധ്യാപകവിദ്യാലയമാണ് ഈ സ്ഥാപനം. മേവട സാർ എന്നറിയപ്പെട്ടിരുന്ന കെ സി നാരയണപിള്ളയുടെ ശ്രമഫലമായി താൽക്കാലികമായ ഓലഷെഡ്ഡിൽ പ്രവർത്തനമാരംഭിച്ച ഈ സ്കൂൾ ഇന്ന് 1200 ലധികം വിദ്യാർത്ഥികൾ അധ്യയനം ചെയ്യുന്ന സരസ്വതീക്ഷേത്രമായി മാറിയിരിക്കുന്നു.

ഉത്തരമലബാറിൻെറ വികസസനശില്പി എന്നറിയപ്പെട്ട ഋഷിതുല്യമായ ദീർഘവീക്ഷണവും ഇച്ഛാശക്തിയും കൈമുതു

ലായുണ്ടായിരുന്ന യശ ശരീരനായ ശ്രീ. പി. ആർ. രാമവർമ്മരാജ മണക്കടവിൽ സൗജന്യമായി അനുവദിച്ച രണ്ടേക്കർ സ്ഥലത്ത് അന്നത്തെ അധ്യാപകരും നല്ലവരായ പൊതുജനങ്ങളും ചേർന്ന് സംഘബോധത്തിൻേറയും ഐക്യത്തിന്റെയും വിജയഗാഥ രചിച്ചതായാണ് ഈ സ്കൂളിൻെറ ചരിത്രം. പിന്നീട് അന്ന് നിലവിലുണ്ടായിരുന്ന വെൽഫെയർകമ്മററി അംഗങ്ങളുടെ നേതൃത്വത്തിൽ ഒരേക്കർസ്ഥലം കൂടി സ്കൂളിനായി വാങ്ങുവാൻ കഴിഞ്ഞു.

1970 ൽ ഈ സ്കൂൾ യു. പി. വിഭാഗമായും 1974 ൽ ഹൈസ്കൂൾ വിഭാഗമായും അപ്ഗ്രേഡ് ചെയ്യപ്പെട്ടകയും പിന്നീട് 2000 ആയ പ്പോഴേക്കും ഹയർസെക്കൻഡറി സ്കൂൾ ആയി മാറുകയും ചെയ്തിരിക്കുന്നു.



# കുടിയേറ്റ ജനതയും ശ്രീപുരം സ്കൂളും

1950 കളിൽ ആണ് മണക്കടവിലേക്കുള്ള കുടിയേറ്റം ആരംഭിക്കുന്നത്. തിരുവിതാംകൂറിൽ പാലാ, മണിമല, കൊല്ലം, പത്തനംതിട്ട, കോട്ടയം, കാഞ്ഞിരപ്പള്ളി എന്നീ സ്ഥലങ്ങളെ

കേന്ദ്രീകരിച്ചാണ് ആദ്യകാലങ്ങളിൽ കുടിയേറ്റം ആരംഭിക്കുന്നത്. തിരുവിതാംകൂർ മേഖലയിലുണ്ടായ ചില പ്രകൃതിക്ഷോഭങ്ങൾ കുടിയേറ്റത്തെ സ്വാധീനിച്ചിട്ടുണ്ട്. ഇതിനു പുറമെ, ആലക്കോട് രാജയുടെ ജന്മാധാരം ഉള്ള ഭൂമി, ഫലഭൂയിഷ്ഠവും പ്രകൃതിരമണീയവുമായതിനാൽ കുടിയേറ്റ ജനതയുടെ ശ്രദ്ധ ഏറെ ആകർഷിക്കപ്പെട്ടു. അക്കാരണത്താൽ തന്നെയാണ് മണക്കടവ് ശ്രീപുരം ഹയർസെക്കന്ററി സ്കൂൾ, അതിന്റെ സാമൂഹികവും സാംസ്കാരികവുമായ പൊതുജീവിതത്തെ അടയാളപ്പെടുത്തുന്നത്. 1964 ൽ മണക്കടവ് പാലം പണിപൂർത്തീകരിക്കപ്പെട്ടതിനാൽ ചീക്കാട്, മാമ്പൊയിൽ എന്നീ പ്രദേശങ്ങൾ മണക്കടവിന്റെ മുഖ്യധാരാ ജീവിതത്തിൽ ഏറെ പരിപോഷിപ്പിക്കപ്പെട്ടു .

ആദികാലത്ത് ഈ സ്കൂളിൽ പ്രവർത്തിച്ചിരുന്ന അധ്യാപകരുടെ ത്യാഗനിർഭരവും കുടിയേറ്റ ജനതയോട് തോൾചേർന്ന്നിന്ന് അവർ നടത്തിയ നിസ്തുലമായ പ്രവർത്തനങ്ങളും നന്ദിയോടെ സ്മരിക്കേണ്ടതാണ്. മണക്കടവ് സ്കൂളിലെ ആദ്യത്തെ പ്രധാനാധ്യാപകൻ ശ്രീ. കെ സദാനന്ദൻ മാസ്റ്ററായിരുന്നു.

മണക്കടവിന്റേയും സമീപപ്രദേശങ്ങളുടേയും ആത്മീയ സാക്ഷാത്കാരങ്ങൾ നിറച്ചാർത്തണിയിച്ചുകൊണ്ട് വിവിധ ആരാധനാലയങ്ങൾ മണക്കടവിന്റെ സർവ്വൈശ്വര്യങ്ങൾക്കും നിദാനമെന്നവണ്ണം മണക്കടവ് ശ്രീമഹാവിഷ്ണു ക്ഷേത്രം നാലു വശവും പുഴകളാൽ ചുറ്റപ്പെട്ട് അനന്തമായ



കാലപ്രവാഹത്തിൽ ഇഴചേർന്ന് പ്രശോഭിക്കുന്നു. ഇതോടൊപ്പം കുടിയേറ്റത്തിന്റെ പ്രാരംഭകാലങ്ങളിൽ ജനതയുടെ മഹാസങ്കടങ്ങൾക്കും ദുരിതങ്ങൾക്കും പരിഹാരമെന്ന നിലയിൽ പണികഴിപ്പിച്ച മണക്കടവ് സെന്റ് തോമസ്സ് ചർച്ച് ഇന്ന് സുവർണ്ണജൂബിലി പിന്നിട്ട് തേജോമയമായി നിലകൊള്ളുന്നു. കേരളത്തിന്റെ നാനാദേശങ്ങളിൽ നിന്നും ആത്മനിർവൃതി തേടി തീർത്ഥാടകർ എത്തുന്ന ചീക്കാട് ഉണ്ണിമിശിഹാ ദേവാലയം, ഉത്തര കേരളത്തിന്റെ കുടജാദ്രി എന്നു പുകൾ കൊണ്ട്, പ്രകൃതി കനിഞ്ഞരുളിയ സർവൈശ്വര്യങ്ങൾക്കും നടുവിൽ സ്ഥിതി ചെയ്യുന്ന ചീക്കാട് മഹാദേവിക്ഷേത്രം എന്നിവ മതമൈത്രിയുടേയും സാഹോദര്യത്തിന്റെയും ഹൃദയബന്ധങ്ങളുടേയും നിലയ്ക്കാത്ത സുഗന്ധനാഹിനിയായി അനന്തമായ സ്നേഹപ്രവാഹമായി മണക്കടവിനും, ശ്രീപുരം ഗവ. ഹയർ സെക്കൻഡറി സ്കൂളിനും സർവ്വഐശ്വര്യങ്ങൾക്കും നിദാനമായി നിലകൊള്ളുന്നു .

ഇതോടൊപ്പം തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റത്തെ പരിപോഷിപ്പിച്ച്കൊണ്ട് കേരളത്തിലെ ഏറ്റവും പഴക്കമേറിയ ദീർഘദൂര ബസ് സർവീസ് കഴിഞ്ഞ മുപ്പത്തിരണ്ട് വർഷമായി ജനസേവനം



ചെയ്യുന്ന മണക്കടവ് പൊൻകുന്നം ബസ്സ് സർവീസ് ഇവിടുത്തെ

സാമൂഹിക സാംസ്കാരിക രാഷ്ട്രിയജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട് .ആദ്യകാലത്ത് മരങ്ങൾ ശേഖരിച്ച് പൊതുജനങ്ങളും വെൽഫയർ കമ്മറ്റി അംഗങ്ങളും ചേർന്ന് പൊതുപ്പണികൾ നടത്തിയാണ് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നത്.

## മണക്കടവ്-ചില നാട്ടറിവുകൾ:

മണക്കടവിൽ ആദ്യകാലത്ത് ആദിവാസി ജനതയുടെ സങ്കേതമായിരുന്നു. കർണാടക വനത്തിൽ നിന്ന് മരം എടുക്കുന്നതിനായി വന്ന കുടകരും ഉണ്ടായിരുന്നു. ഇവരിൽ ആരെങ്കിലും ആയിരിക്കാം മണക്കടവ് എന്ന പേര് നൽകിയത്. ഇതോടൊപ്പം "തമ്പുരാൻെറ എസ്റ്റേറ്റ് " -ലെ തൊഴിലാളികളുടെ താവളത്തിന് മന" എന്നാണ് പേര്. ഇത് കാലക്രമത്തിൽ കടവിന് ചുറ്റുമുള്ള മനയെ മണക്കടവ് എന്ന് വിളിച്ചുപോരുന്നു എന്ന് കരുതുന്നവരുണ്ട്. ആലക്കോട് രാജയാണ് സ്കൂൾ സ്ഥതിചെയ്യുന്ന പ്രദേശത്തിന് ശ്രീപുരം എന്ന് നാമകരണം ചെയ്തത്.

മണക്കടവിന് സമീപത്തു കൂടി രണ്ടു പുഴകൾ ഒഴുകുന്നു. വൈതൽചാലിൽ നിന്ന് ഉത്ഭവിക്കുന്ന മണക്കടവ് പുഴയും കർണ്ണാടകവനത്തിൽ നിന്ന് ഉത്ഭവിക്കുന്ന പുഴ കാരിക്കയം പുഴ എന്ന പേരിൽ അറിയപ്പെടുന്ന കട്ടമംഗലം പുഴയും. ഇവ രണ്ടും ഒരു കാലത്ത് മണക്കടവിന്റെ കാർഷിക-സാമൂഹിക ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയിരുന്നു. ഇന്ന് അമിതമായ

***ജലചൂഷണത്തിന്റെയും സസ്യജൈവ സമ്പത്തുക്കൾക്കു മേലുള്ള കടന്നു കയറ്റത്തിന്റെയും ഫലമായി ഈ പുഴകൾ വറ്റിവരണ്ടു കൊണ്ടിരിക്കുകയാണ്.***

# ഓർമ്മച്ചെപ്പ്



എൻ ഓർമ്മകളെ തഴുകിപ്പോയ
നിമിഷങ്ങൾക്കു മുൻപിൽ ഞാൻ
ഏകയായി നിന്നു
ആരും കേൾക്കാത്ത പല്ലവി
എൻ കാതിൽ വീഴുന്ന നേരം
എൻ കനവിൽ തെളിയുന്ന
ചിത്രങ്ങളിൽ
ഞാൻ കാണുന്നു
തെളിമയോടെ നിൻരൂപം
ആ നഷ്ടസ്വപ്നങ്ങൾക്കു മുൻപിൽ
ഏകാന്ത പഥികയായ് നിന്നു ഞാൻ
ആ പാതയോരത്ത് ആവണിപൂവായി
നീ നിന്നിരുന്നോ
നിൻ ദുഃഖം പ്രണയനിലാവായി പൊഴിഞ്ഞിരുന്നു
എൻ മനതാരിൽ വിരിഞ്ഞ പൂക്കളൊക്കെയും
നിനക്കായി വിരിഞ്ഞു നിന്നിരുന്നു
നിനക്കായി കൊഴിഞ്ഞ ഇലകളും പൂക്കളും
വിജനമായ പാതയോരവും ഗഗനനീലിമയും

കാത്ത് നിന്നിട്ടും പറയാതെ

കടന്ന്പോയ ഋതുക്കളും സ്വപ്നങ്ങളും

എല്ലാം ഒരിക്കൽക്കൂടി നിനക്കായി

വിരുന്നെത്തിയിരുന്നെങ്കിൽ

വിടർന്ന കുഞ്ഞു മയിൽപ്പീലിത്തുണ്ടിനാൽ

വരച്ചിട്ട ചിത്രങ്ങളിൽ

ചേമ്പിലയിൽ ചിതറി വീണ മഞ്ഞിൻ കണങ്ങളിൽ

എല്ലാം നീ ആയിരുന്നു ഒട്ടുവിലാ മണിമുകിൽ കോണിൽ

തെളിഞ്ഞ താരണി മേടയിൽ

മാഞ്ഞ നിൻമുഖം

ഓർക്കുന്നു ഞാൻ ഇന്നും

എൻ ഓർമ്മയിലൂടെ

**വൈശാഖി ബാബു**

# കമ്പ്യൂട്ടറിന്റെ കഥ



എന്നെ അറിയുമോ? ഞാനാണ് കമ്പ്യൂട്ടർ. എന്റെ കഥയാണ് ഞാനിവിടെ പറയാൻ പോകുന്നത്.

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ച് എടുക്കുവാനും വേണ്ടിയുള്ള ഒരു വൈദ്യുത ഉപകരണമാണ് കമ്പ്യൂട്ടർ എന്ന ഞാൻ. മനുഷ്യന്റെ കണ്ടുപിടുത്തങ്ങളിൽ ഏറ്റവും പ്രയോജനകരവും ലാഭകരവും ലോകത്തിന്റെ തന്നെ ചലനവേഗത പതിന്മടങ്ങ് വർദ്ധിപ്പിച്ചതും ഞാനാണ് എന്ന് അഭിമാനത്തോടെ ഞാൻ ഓർക്കാറുണ്ട്. എന്നാൽ ഞാൻ നിങ്ങളുടെ ആജ്ഞാനുവർത്തി മാത്രമാണ്. നിങ്ങൾ പറഞ്ഞു പഠിപ്പിച്ചത് ഞാൻ ചെയ്യുന്നു....... അത്രമാത്രം.

പല തലമുറകളിലായി പല രൂപത്തിലും ഭാവത്തിലും നിങ്ങൾക്ക് എന്നെ കാണാം. 1946 മുതൽ 1959 വരെയുള്ള കാലഘട്ടമാണ് എന്റെ ഒന്നാം തലമുറയുടേത് . ഈ തലമുറയിൽ ഉള്ളവർ വളരെ വലുപ്പം കൂടിയതും വേഗത കുറഞ്ഞവയുമാണ്. ട്രാൻസിസ്റ്ററിന്റെ കണ്ടു പിടുത്തത്തോട് കൂടി എന്റെ രണ്ടാം തലമുറ ഉദയം ചെയ്തു. പൂർവികരെ



അപേക്ഷിച്ച് കുറച്ചുകൂടി വേഗതയും മറ്റും ഇവർക്ക് ഉണ്ടായിരുന്നു. Integrated circuits കണ്ടുപിടിച്ചതോടെ 1965 ആയപ്പോഴേക്കും എന്റെ മൂന്നാം തലമുറ വികാസം പ്രാപിച്ചു തുടങ്ങി. പൂർവികരെ അപേക്ഷിച്ച് കൂടുതൽ വേഗതയും കാര്യക്ഷമതയും ഉള്ളപ്പോൾ തന്നെ ചെറിയ വലുപ്പവും വിലക്കുറവും എന്റെ മൂന്നാം തലമുറയെ കൂടുതൽ പ്രചാരത്തിലാക്കി. ഇവയ്ക്ക് മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ സംഭരണശേഷിയും ഉണ്ടായിരുന്നു.

1971-1980 കാലഘട്ടം നാലാം തലമുറയുടെ കാലഘട്ടമായി അറിയപ്പെടുന്നു. മൂന്നാം തലമുറയെക്കാൾ കൂടുതൽ വേഗതയും വില ക്കുറവും നാലാം തലമുറയുടെ പ്രത്യേകതയാണ്. ശീതീകരിച്ച അന്തരീക്ഷത്തിന്റെ ആവശ്യകത ഇവരുടെ പ്രചാരത്തിന് വിഘാതം സൃഷ്ടിച്ചുകൊണ്ടിരുന്നു. ഇതിനുള്ള പരിഹാരമായാണ് അഞ്ചാം തലമുറ വികാസം പ്രാപിച്ചത്. അങ്ങനെ എന്റെ കടന്നുകയറ്റം നിങ്ങളുടെ നിത്യജീവിതത്തിൽ നാടകീയാമായ മാറ്റങ്ങൾ ഉണ്ടാക്കി.

എന്റെ ജനനത്തെ കുറിച്ച് പലവിധ ഊഹാപോഹങ്ങളും നിലവിലുണ്ട്. ഏതാണ്ട് ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പുതന്നെ ഞാൻ ഉണ്ടായിരുന്നു. കണക്ക് കൂട്ടുക എന്നർത്ഥമുള്ള compute എന്ന പദത്തിൽ നിന്നാണ് എന്റെ പര് ഉത്ഭവിച്ചത്. 1613 ൽ ആണ് കമ്പ്യൂട്ടർ എന്ന എന്റെ പേര് ആദ്യമായി ഉപയോഗിച്ചത്.

ആദ്യകാലങ്ങളിൽ എന്നെ കണക്ക് കൂട്ടുന്നതിന് മാത്രമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് ലോകത്തിലെ എല്ലാ

മേഖലയിലെയും ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമായി മാറിയിട്ടുണ്ട്. പ്രാഥമിക ആവശ്യത്തിനു പുറമെ വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി എല്ലാ മേഖലയിലും ഞാനൊരു ഘടകമായി മാറിയിരിക്കുന്നു. രൂപത്തിലും ഭാവത്തിലും വ്യത്യസ്തരായ എന്റെയും എന്റെ കുടുംബക്കാരുടെയും കഥയാണല്ലോ നമ്മൾ പറഞ്ഞു വന്നത്. പണ്ട് മോണിറ്ററും സിസ്ററം യൂണിറ്റും മൗസും കീബോർഡും തുടങ്ങി നിരവധി അംഗങ്ങളുള്ള ഒരു കൂട്ടുകുടുമ്പം പോലെയായിരുന്നു ഞങ്ങൾ. എന്നാലിപ്പോൾ ഞങ്ങൾ ഒരു അണുകുടുമ്പമായിരിക്കുകയാണ്. അതുകൊണ്ട് തന്നെ പല തരക്കാർ ഞങ്ങളുടെ ഇടയിലുണ്ട്. നിങ്ങൾ പണ്ടുമുതലേ കണ്ടും കേട്ടും പരിചയിച്ച ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളാണ് ഇവയിൽ സാധാരണം.



നിത്യോപയോഗത്തിന് പ്രാപ്തമായ ഒരു സ്ഥലത്ത് വെച്ച് ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒന്നാണ് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ. ഭാരവും വലിപ്പവും ഉയർന്ന ഊർജ്ജോപയോഗവും മൂലം ഇവയെ മേശപ്പുറത്ത് സ്ഥിരമായി വച്ചാണുപയഗിക്കാറുള്ളത്. നിങ്ങളുടെ സന്തതസഹചാരിയായി എല്ലായ്പ്പോഴും വഹിച്ച്കൊണ്ട് നടക്കാൻ എളുപ്പമല്ലാത്തിനാൽ എന്റെ പ്രതിരൂപമായ ലാപ് ടോപ്പുകളെ സൃഷ്ടിക്കുകയുണ്ടായി.




ലാപ്ടോപ്പുകളെ നിങ്ങൾക്ക് വഹിച്ചുകൊണ്ടു നടക്കുന്നതിന്

അനുയോജ്യമായ രീതിയിൽ ആണ് വികസിപ്പിച്ചെടുത്തത്. അലൻകേയുടെ ഡൈനാബുക്ക് ആണ് ലാപ്ടോപ്പ് കമ്പ്യൂട്ടർ എന്ന ആശയം അവതരിപ്പിച്ചത്.

ലാപ്ടോപ്പിനേക്കാളും വലിപ്പം കുറവായ രൂപത്തിലും ഞാനുണ്ട്. ടാബ് ലെറ്റ് കമ്പ്യൂട്ടർ എന്നാണ് അപ്പോൾ ഞാൻ അറിയപ്പെടുന്നത്. നോട്ട് ബുക്ക്, നെറ്റ് ബുക്ക് തുടങ്ങി എന്റെ വർഗ്ഗക്കാർ ഇനിയുമുണ്ട്.

ഞങ്ങൾ ഇനിയുമുണ്ട്.എൻെറ മറ്റൊരു പതിപ്പാണ് സ്മാർട്ട് ഫോണുകൾ. 1991 കൂടിയാണ് മൊബൈൽ കമ്പ്യൂട്ടിങ്ങ് പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകളെ കുറിച്ചുള്ള ആശയങ്ങൾ ഉയർന്നു വന്നത്.

എന്നെയും എൻെറ കുടുംബക്കാരെയും ഞങ്ങളുടെ വേഗതയും കമ്പ്യൂട്ടിംഗ് രംഗത്തെ മികവും ഉപയോഗിച്ച് വിശാലമായി പിന്നെയും തരംതിരിക്കുന്നുണ്ട്. ഇതിൽ വ്യക്തിഗത ഉപയോഗത്തിനായി രൂപകൽപന ചെയ്ത താരതമ്യേന ചെലവ് കുറഞ്ഞതാണ് pc എന്ന് വിശേഷിപ്പിക്കുന്ന പേഴ്സണൽ കമ്പ്യൂട്ടർ. മൈക്രോ പ്രോസസർ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയാണ് പിസികൾ നിർമ്മിക്കുന്നത്.

എൻെറ കുടുംബത്തിലെ മറ്റൊരു വിഭാഗമാണ് വർക്ക്സ്റ്റേഷൻ. മിതമായ അളവിലുള്ള കമ്പ്യൂട്ടിംഗ് ശക്തിയും താരതമ്യേന ഉയർന്ന നിലവാരമുള്ള ഗ്രാഫിക്ക് ശേഷിയും ഇതിന് ആവശ്യമാണ്.

ഒരേസമയം 250 ഉപയോക്താക്കളെ പിന്തുണയ്ക്കുന്ന വിഭാഗമാണ് മിനി കമ്പ്യൂട്ടർ. ഞങ്ങളിൽ വളരെ വലിപ്പമുള്ളവരും ഉണ്ട്. മെയിൻ ഫ്രെയിം കമ്പ്യൂട്ടർ ആണ് ഇവ. ഒരെ സമയം ആയിരക്കണക്കിന് ഉപയോക്താക്കളെ പിന്തുണക്കുന്ന ചെലവേറിയ കമ്പ്യൂട്ടർ ആണിത്. ഞങ്ങളിലെ ഭീമൻമാരായ ഇവരെ പ്രധാനമായും ശാസ്ത്ര സാങ്കേതിക കണക്കുകൂട്ടലുകൾക്കും വാണിജ്യാവശ്യങ്ങൾക്കും വേണ്ടി പ്രത്യേകം പണികഴിപ്പിച്ചിട്ടുള്ളതാണ്. വളരെ സങ്കീർണമായ കമ്പ്യൂട്ടിങ്ങ് ജോലികൾ നിർവഹിക്കാൻ വേണ്ടി ഉപയോഗിക്കുന്ന വളരെ വലിയ കമ്പ്യൂട്ടറുകളെ സൂപ്പർ കമ്പ്യൂട്ടർ എന്ന് വിളിക്കുന്നു. വളരെയേറെ കണക്കുക്കൂട്ടലുകൾ വേണ്ടിവരുന്ന രംഗങ്ങളിൽ ഇവ ഉപയോഗിക്കുന്നു. കാലാവസ്ഥാ പ്രവചനം, എണ്ണപര്യവേഷണം, അണുശക്തിമേഖല, പല തരത്തിലുള്ള സിമുലേഷനുകൾ, ബഹിരാകാശരംഗം എന്നിവയിലെല്ലാം സൂപ്പർ കമ്പ്യൂട്ടറുകൾ സർവസാധാരണമാണ്.

പ്രതിദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന എന്റെ തലമുറയിൽ ഓരോ നിമിഷവും അനേകമനേകം പരിണാമങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ എന്നെപ്പറ്റി കുറെയേറെ പറഞ്ഞു നിങ്ങളെ ബോറടിപ്പിച്ചു...... അല്ലേ...

ബിൻസി ടൈറ്റസ്

# ഇന്ത്യയുടെ ചാന്ദ്രപര്യവേഷണം

ചരിത്രം കാലത്തിന്റെ കണ്ണാടിയാണ് . ചരിത്രത്തിന്റെ ഏടുകൾ പരിശോധിക്കുമ്പോൾ ഇന്ത്യ അതിവേഗം വികസിക്കുന്ന ഒരു രാജ്യമാണെന്ന് നമ്മുക്ക് മനസിലാകും. ഇന്ത്യയുടെ ബഹിരാകാശരംഗത്തെ നേട്ടങ്ങൾ അതിൽ എടുത്തു പറയേണ്ടതു തന്നെയാണ്. 1975 ൽ ഇന്ത്യ ആരംഭിച്ച ബഹിരാകാശദൗത്യങ്ങൾ ഇന്നും അതിവേഗം വിജയത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.



വളരെയധികം പ്രയാസങ്ങളും തടസങ്ങളും വെല്ലുവിളികളും മറികടന്നാണ് ഒരു വികസനരാജ്യമായ ഇന്ത്യ മറ്റു വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നത്. സൂര്യനെയും മറ്റ് ബഹിരാകാശ ശക്തികളെയും കുറിച്ചുള്ള നിഗൂഢ രഹസ്യങ്ങൾ മനസിലാക്കുന്നതിനു വേണ്ടിയുള്ള മനുഷ്യന്റെ ത്വരയും പരിശ്രമവുമാണ് ഇന്ന് അവനെ ബഹിരാകാശത്ത് എത്തിച്ചത്. ബഹിരാകാശ ദൗത്യങ്ങൾ തുടർന്ന് മറ്റ് ഗ്രഹങ്ങളിലേക്കും ചന്ദ്രനിലേക്കും പോകാനുള്ള ദൗത്യങ്ങളായി മാറി. ഇതിന്റെ ഫലമായാണ് 2008 ൽ ഇന്ത്യയുടെ ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ - 1 വിക്ഷേപിച്ചത്. ഇന്ത്യയ്ക്ക് ലോകരാജ്യങ്ങൾക്കിടയിൽ

വളരെയധികം ഉയർന്ന ഒരു പേര് നേടികൊടുക്കാൻ ചന്ദ്രയാൻ വിക്ഷേപണത്തിലൂടെ സാധിച്ചു. അതിശ്രമകരമായ ഈ ദൗത്യം വളരെയധികം വിജയകരമായിരുന്നു. പിന്നീടുള്ള ബഹിരാകാശ ദൗത്യങ്ങൾ അവ നല്കിയ ഊർജം വളരെ വലുതായിരുന്നു.

പിന്നീടുള്ള ഇന്ത്യയുടെ അതിപ്രധാനമായ ഒരു ഉപഗ്രഹ വിക്ഷേപണമായിരുന്നു മംഗൾയാൻ. ആദ്യമായി ചൊവ്വയിലെത്തുന്ന ഉപഗ്രഹം എന്ന നേട്ടം മംഗൾയാൻ നേടിയെടുത്തു.



ചൊവ്വ പര്യവേഷണ ദൗത്യങ്ങൾ ഇന്ത്യ ഇന്നും തുടർന്നു പോരുന്നുണ്ട്.

ഇന്ത്യയുടെ രണ്ടാം ചന്ദ്രാപരിവേഷണമായിരുന്നു ചന്ദ്രയാൻ 2. 2019 ആഗസ്ററിൽ വിക്ഷേപിച്ച ചന്ദ്രയാൻ 2 ഇന്ത്യയുടെ യശസ്സ് ലോകരാജ്യങ്ങൾക്കിടയിൽ ഒന്നുകൂടി വർദ്ധിച്ചു. ഐ.എസ്.ആർ.ഒ. ചെയർമാനായി കെ.ശിവന്റെ നേതൃത്വത്തിൽ പി. എസ്. എൽ. വി. മാർക്ക് 3 എന്ന വിക്ഷേപണ വാഹനമാണ് ചന്ദ്രയാൻ 2 എന്ന കർമ്മ പദ്ധതി വിജയത്തിലെത്തിച്ചത്. വിക്രം ലാൻഡർ, ഓർബിറ്റർ എന്നീ രണ്ടു ഭാഗങ്ങളാണ് ചന്ദ്രയാൻ 2 എന്ന ഉപഗ്രത്തിനുണ്ടായിരുന്നത്. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഒരു സോഫ്ററ് ലാഡിങ് എന്ന ലക്ഷ്യത്തോടെയാണ് ചന്ദ്രയാൻ 2 പറന്നുയർന്നതെങ്കിലും ദൗത്യത്തിനു തൊട്ടരികെ വച്ച് ഈ ദൗത്യം

പരാജയപ്പെട്ടു. സോഫ്റ്റ് ലാന്റിങ്ങിനെ തൊട്ടുമുൻപുള്ള നിമിഷങ്ങളിൽ ഇന്ത്യൻ ബഹിരാകാശ ഏജൻസികൾക്ക് വിക്രം ലാൻഡറുമുള്ള ബന്ധം നഷ്ടപ്പെട്ടു. ഓർബിറ്റർ മുഖേന ആ ബന്ധം പുനസ്ഥാപിക്കാൻ പരിശ്രമിച്ചെങ്കിലും സാധിച്ചില്ല. 17 ദിവസങ്ങൾ മാത്രമായിരുന്നു സൂര്യ പ്രകാശം ചന്ദ്രനിൽ പതിക്കുന്നത്. പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന വിക്രം ലാൻഡറിന്റെ കാലാവധി 2019 സെപ്തംബർ 28 ന് അവസാനിച്ചു. ഓർബിറ്റർ ഇപ്പോഴും ചന്ദ്രനെ വലംവച്ചുകൊണ്ടിരിക്കുന്നു.

ചന്ദ്രയാൻ 2 വിക്ഷേപണം പൂർണമായും വിജയിച്ചില്ലെങ്കിലും ചന്ദ്രദൗത്യങ്ങൾക്ക് ഈ ഉപഗ്രഹം കൂടുതൽ കരുത്താകുകയാണ് ചെയ്തത്. ചന്ദ്രനിലെ ജലസാന്നിധ്യം കണ്ടെത്തിയത് ഇന്ത്യയുടെ ചന്ദ്രയാനായിരുന്നു. ബഹിരാകാശ രംഗത്ത് പല നേട്ടങ്ങളും ഇന്ന് ഇന്ത്യ കരസ്ഥമാക്കി കഴിഞ്ഞു. 900 കോടി ചെലവിട്ടാണ് നാം ചന്ദ്രയാൻ 2 വിക്ഷേപിച്ചത്.

എന്നിരുന്നാലും ലോക രാജ്യങ്ങൾക്കിടയിൽ ഒന്നാമതാകാനുള്ള ഇന്ത്യയുടെ ഒരു മത്സരമായി ഈ ദൗത്യങ്ങൾ മാറുന്നുണ്ടോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. ബഹിരാകാശ ദൗത്യങ്ങളും വികസനങ്ങളുമെല്ലാം രാജ്യത്തിന്റെ പുരോഗതിക്ക് നല്ലതു തന്നെയെങ്കിലും കോടിക്കണക്കിന് ആളുകൾ ദാരിദ്രത്തിലും തൊഴിലില്ലായ്മയിലും കഴിയുമ്പോൾ ഇത്രയും വൻമുതൽ മുടക്കിയുള്ള ദൗത്യങ്ങളും വികസനങ്ങളും നമുക്ക് ആവശ്യമാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നാം ഒരു കാര്യം ചെയ്യണമെന്ന്

കരുതുമ്പോൾ ഒരു കാര്യം നാം ഓർമിക്കണം. നാം ചെയ്യുന്ന കാര്യങ്ങൾ കൊണ്ട് നമ്മൾ കണ്ട ഏറ്റവും ദരിദ്രനായ ആ വ്യക്തിക്ക് വല്ല പ്രയോജനമുണ്ടോ എന്ന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ വാക്കുകൾ. ബഹിരാകാശദൗത്യങ്ങൾ അതിവേഗം പുരോഗമിക്കുന്ന ഈ കാലഘട്ടത്തിൽ ഗാന്ധിജിയുടെ ഈ വാക്കുകൾ ഏറെ പ്രസക്തമാണ്. ചെലവ് കുറഞ്ഞ എന്നാൽ കൂടുതൽ കാര്യക്ഷമമായ ബഹിരാകാശ ദൗത്യങ്ങൾ നമുക്ക് പിൻതുടരാം. നാടിന്റെ വികസനങ്ങൾ നാടിനും നാട്ടുകാർക്കും നന്മയ്ക്കായ് വേണം വരാൻ. ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾ ക്കായി നമുക്ക് ഒരുമിച്ച് കൈകോർക്കാം. കാലത്തിനും ദേശത്തിനും ഭാഷകൾക്കുമതീതമായി ഒരൊറ്റ രാജ്യം ഒരൊറ്റ ലക്ഷ്യം എന്ന രീതിയിലേക്ക് നമുക്ക് മുന്നേറാം.

.........

# അപൂർണമായ കാഴ്ചകൾ



കണ്ടുതീരാത്ത

കണ്ണാടിപ്പുറങ്ങളിൽ

പകൽ തീർന്നുപോകുമ്പോൾ

കാഴ്ചകൾ ഇനിയും ബാക്കി............

കോടതിമുറികളിലും

ആശുപത്രിവരാന്തകളിലും

പീടികത്തിണ്ണകളിലും

തെരുവോരങ്ങളിലും

വില പറയപ്പെടുന്ന

ശപ്ത ബാല്യങ്ങൾ......

വഴിയിലെവിടെയോ

വേച്ചുപോകുന്ന

ഈറ്റ നോവുകൾ.......

ഇനിയും വീടാക്കടങ്ങളുമായി

ചകിത യൗവ്വനങ്ങൾ

എങ്കിലും,

കാഴ്ചകൾക്ക് മറുപിറവികൾ....

സൂര്യ തേജസ്സാർന്ന

വാക്കുകൾ...... വർണങ്ങൾ

മിനാരങ്ങളിൽ ഇളംകാറ്റുപോലെ

പ്രവാചകസ്മരണകൾ

കരുവാൻെറ ആലയിൽ നിന്നും

വഴുതിമാറി

രക്ഷകനെയും കാത്തലയുന്ന

നാലാമത്തെ ആണി.....

മഹാത്യാഗത്തിന്റെ

അടയാളക്കാഴ്ചകളുമായി

തിരുമുറിവുകളെ

സ്വപ്നം കാണുന്നു.....

നിലച്ചുപോകാത്ത

പ്രണയമായി........ദാഹമായി

ജീവന്റെ മഹാപ്രവാഹമായി

പാലാഴിയുടെ

ഓളപ്പരപ്പുകളിൽ

അരയാലിലകളിൽ

നൃത്തം ചെയ്യുന്ന

അക്ഷരങ്ങൾ......

സ്വപ്നങ്ങളുടെ ദ്വാരപാലകരായ

പ്രതീക്ഷകൾ......

അപരൻെറ വാക്കുകൾ

ദിവ്യസംഗീതമായി

നെഞ്ചേറ്റുന്ന

സമയകാലങ്ങൾക്കപ്പുറമുള്ള

കാഴ്ചയുടെ നിറച്ചാർത്തുകൾ..............

ഇവിടെ ഒന്നും പൂർണമാകുന്നില്ല

-സി.ബി കൃഷ്ണൻകുട്ടി

# *Relevance of 'THE MAHATMA'*

*A lean old man with a stick in his hand and a cloth drapped around him, won India its freedom—freedom from bondage, slavery, imperialism. Britain ruled India for a long time unless Gandhi emerged on the scene to bring the country under its own rule. It is not that India did not have freedom fighters. Infact, the contribution of those numeroble and innumerouble freedom fighters who laid their lives for winning India freedom cannot be ignored. Yet, the brightest jewel of all will remain MAHATMA GANDHI.*

*Gandhi is such an icon for the youth that showed the spirit of glory and way to freedom to the Indians. Gandhi was a light for the people in dark. He came back to India in his full attire after winning the rights for different races in south Africa. But the sight of poverty and depravity made his heart to bleed and he relinquished his attire and wore a dhoti that was to be his only attire therefater.*

*He saw his countrymen struggling against the brutal British regime. He took it to himself to fight for their rights and make them struggle for attaining independence from the savage regime. It was not a cakewalk. But, a determined person as GANDHI never let the spirit of gaining independence for his country die. His speeches encouraged people, both literates and illiterates. He won the freedom for his country with his country with his intellect and never die spirit, which lit the fire to*

*struggle in the Indians.And his weapons were so unique-- satyagrah in his own terms. He did not posses nukes or atom bombs or AK-47 or rifles, he didn't ever have a schoolboy's gun, what all he had as his exemplary weapon was his patience and non-violence. He taught us patience, love for all, politeness, sacrifice, non- violence, committed, and today's world teaches hatred, illwill, violence, impatience, and hunger for power.*

*Today, I wanna know how many of us follow GANDHI in real sense. How many of us are ardent followers of of the MAHATMA?*

*Had GANDHI been alive today, he would have cried witnessing the sight of depravity, apathy, brutality, selfishness, hunger for power ruling this world. We need MAHATMA today. We need his principles not only on paper but also in practice.*

*ARE WE READY TO TREAD THE PATH MAHATMA GANDHI SHOWED US? I am certain that if we follow GANDHISM, it will certainly lead us to peace that we very dearly cherish.*

*Let us wish that the spirit of this icon of non violence rests in peace always. It is his martyrdom day today[30 January]. The day a man, NATHURAM GODSE, pumped bullets into the chest of the FATHER of the Nation [INDIA].*

# പൊതുവിജ്ഞാനം

**പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര ഏത്?**

ലാക്ടോസ്

**മെഴുക് ലയിക്കുന്ന ദ്രാവകം ഏത്?**

ബെൻസീൻ

**തേനിൽ അടങ്ങിയിരിക്കുന്ന പ്രധാന പഞ്ചസാര ഏത്?**

ഫ്രക്ടോസ്

**സിറിഞ്ചുകൾ അണുവിമുക്തമാക്കാൻ ഉപയോഗിക്കുന്ന പദാർത്ഥം ഏത്?**

എഥനോള്

**ലോക മലേറിയ ദിനമായി ആചരിക്കുന്നതെന്ന്?**

ഏപ്രിൽ 25

**മലേറിയ പരത്തുന്നത് അനോഫലീസ് കൊതുകാണ് എന്ന് കണ്ടെത്തിയത് ആര്?**

റൊണാൾഡ് റോസ്

**സസ്യങ്ങളുടെ വളർച്ചയേയും ഉത്ഭവത്തേയയും കുറിച്ചുള്ള പഠനം അറിയപ്പെടുന്നത്?**

ഫൈറ്റോജനി

**ഹൃദയത്തെക്കുറിച്ചുള്ള പഠനശാഖ ?**

പാത്തോളജി

പക്ഷികളെക്കുറിച്ചുള്ള പഠന ശാല ?

ഓർണിത്തോളജി

ജീവികളുടെ ആന്തരീകഘടനയെക്കുറിച്ചുള്ള പഠനമറിയുന്നത്?

അനാട്ടമി

വിഷത്തെക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത്?

ടോക്സിക്കോളജി

രക്തത്തെക്കുറിച്ചുള്ള പഠന ശാഖ ?

ഹീമത്തോളജി

അസ്ഥിയെക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത്?

ഓസ്റ്റിയോളജി

പ്രാഥമിക വർണ്ണങ്ങൾ ഏതെല്ലാം ?

ചുവപ്പ്,നീല, പച്ച

പ്രകാശത്തിലെ ഘടക വർണ്ണങ്ങളെ ആഗിരണം ചെയ്യുന്ന വസ്തുവിന്റെ നിറം എന്താണ്?

കറുപ്പ്

കാറ്റിന്റെ വേഗം അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം ?

അനിമോമീറ്റര്

ഇന്ത്യയ്ക്ക് സ്വാതന്ത്രം കിട്ടിയ വർഷം ?

1947

വൃക്ഷശാഖകളിൽവാൽ കൊണ്ട് ചുറ്റിപ്പിടിക്കുന്ന ജീവി ?

മരയോന്ത്

പല്ലില്ലാത്ത ഉരകം ?

ആമ

ഇഴജന്തുക്കളിൽ ഏറ്റവും വലിയ ഉപവർഗ്ഗം ?

ഡയാപ്സിഡ

സസ്യശരീരം കോശങ്ങൾ കൊണ്ട് നിർമ്മിച്ചതാണെന്ന്

കണ്ടുപിടിച്ചത്?

ഷ്ളീഡർ

കുമികളിലെ പ്രത്യുൽപാദനരീതി ?

രേണുകൾ വഴി

ഏറ്റവും ചെറിയ ജന്തുവൈറസ്?

പോളിയോമൈലറ്റിസ്

കരിമ്പിൻ നീരിന്റെ പ്രധാനഘടകം ?

സുക്രോസ്

അഗർ ലഭിക്കുന്ന ആൽഗകൾ ?

ജലീഡിയേലുകൾ

ഓക്സാലിക് ആസിഡ് അടങ്ങിയ ഒരു സസ്യം ?

ഹലോഗെറ്റോൺ

ഏറ്റവും ആയുസ്സുള്ളതും ഉയരം ഉള്ളതുമായ സസ്യങ്ങൾ ?

സെക്വയാ മരങ്ങൾ

***ഇന്ത്യയുടെ ദേശീയ പുഷ്പം ?***

***താമര***

***ഏറ്റവും ചെറിയ സപുഷ്പി ?*** ***വുൾഫിയ***

# നഷ്ടപ്പെട്ട കിനാവുകൾ



അമ്പിളിമാമനും നക്ഷത്രങ്ങളും
നിറഞ്ഞരാത്രിയിൽ
ആകാശം കറുത്തിരുണ്ട വേളയിൽ
മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളോട്ടുകൂടി
എന്റെ സ്വപ്നവും പൂവണിഞ്ഞു
കറുത്തിരണ്ട രാത്രിയുടെ മറവിൽ
സ്വർണമുത്തുകൾ പോലെ
തിളങ്ങിനിൽക്കുന്ന
വർണതാരങ്ങൾക്കിടയിലൂടെ
ഞാൻ കണ്ടു ഒരു കൊച്ചു വീട്
ആശകൾ പൂത്ത മനസ്സിന്റെ
രാവുകൾക്കിടയിലൂടെ സ്നേഹഗീതമായി
രാത്രി നിറഞ്ഞുവെങ്കിലും
വർണതാരങ്ങൾക്കിടയിലൂടെ
ഞാൻ കണ്ട വീട്,അതെന്റേതായിരുന്നു
എന്റേതുമാത്രം
കറുത്തിരുണ്ട രാത്രയുടെ മറവിൽ
അകലെയെങ്ങോ നിന്ന് ഞാൻ കേട്ടു
ഉറങ്ങുക മകളെ ഉറങ്ങുക

**–ജോസ്ന ജോസ്**

# NATURE




*The world is covered with a carpet,*
*The carpet is green and marvellous*
*It was decorated with flowers and fruits,*
*Every creatures are gift of nature*
*We are the children of that carpet,*
*Human being used it for market.*
*Man is cruel to nature*
*But the nature forgive it*
*The nature sang a thousand of notes,*
*She is the colour and vision of world.*
*We sleeps in the tap of nature*
*She sang so many songs for us*
*Murmuring of nature is through leaves,*
*Rustling of leaves are sound of nature*
*She do everything for us,*
*But we do nothing for her*
*Nature is a heaven*
*The green carpet is the gift of nature*

*-Krishna Lal*

# യാത്ര വിവരണം



2019-2020 അധ്യായനവർഷത്തെ പഠനയാത്ര 13/10/2019 ഞായറാഴ്ച രാത്രി 07:23 ന് മണക്കടവ് സ്കൂൾ ഗ്രൗണ്ടിൽ നിന്നു ആരംഭിച്ചു. ആദ്യമായി ഒരു മൗനപ്രാർത്ഥനയോടെയാണ് യാത്ര തുടങ്ങിയത്. ആദ്യമായി ഞങ്ങൾ സന്ദർശിച്ചത് മൈസൂരിലെ ചാമുണ്ഡി ക്ഷേത്രമായിരുന്നു. ഏകദേശം പുലർച്ചെ 05:00 മണിയോടെയായിരുന്നു സന്ദർശനം. വളരെ വലിയൊരു ക്ഷേത്രം. ഞാൻ കണ്ടതിൽ വച്ച് വേറിട്ടത്. വളരെ സന്തോഷം തോന്നി. ഞാൻ വീട്ടിൽ ഇരുന്നായിരുന്നെങ്കിൽ ഈ മനോഹരമായ കാഴ്ചകളൊന്നും എനിക്ക് കാണാൻ സാധിക്കുകയില്ലായിരുന്നു. ക്ഷേത്ര സന്ദർശനത്തിന് ശേഷം കെ. വി പാലസ് എന്ന ലോഡ്ജിലേക്ക്. അവിടെ നിന്ന് കുളിച്ച് തയ്യാറായി ഭക്ഷണം

കഴിക്കാനായി ഒരു ഹോട്ടലിലേക്ക്. വളരെ നല്ല ഭക്ഷണം. അത് കഴിച്ച് മൈസൂരുവിലെ മൃഗശാലയിലേക്ക്. ഏക്കറു കണക്കിന് സ്ഥലത്തായി വിശാലമായി പരന്നു കിടക്കുന്ന മൈസൂർ മൃഗശാല. അവിടെ അനേകം ജന്തുജാലങ്ങൾ ഉണ്ടായിരുന്നു. ആ കാഴ്ച വളരെ മനോഹരമായിരുന്നു. ഞാൻ കാണാത്ത പുലി, സിംഹം, സീബ്ര, കരടി, ജിറാഫ്, വിവിധപാമ്പുകൾ തുടങ്ങിയവ. മൃഗശാലയിൽ നിന്ന് ഇറങ്ങി . അതിനുശേഷം എല്ലാവരും കൂടി പാലസിൽ പോയി. മനോഹരമായ കാഴ്ച്ചയായിരുന്നു അത്. അവിടെ പ്രധാനമായി രാജാവിൻെറ വസ്തുക്കളാണ് കാണാൻ കഴിയുന്നത്. അതിനുശേഷം ഞങ്ങൾ റൂമിലേക്ക് തിരിച്ചു. കുറച്ചു നേരത്തെ വിശ്രമത്തിന് ശേഷം ഞങ്ങൾ വൃന്ദാവനത്തിലേക്ക് യാത്ര തിരിച്ചു.അവിടെ തുമ്പികൾ പാറിനടക്കുന്നതാണ് ഞങ്ങൾ പ്രധാനമായി കണ്ടത്. ആ മനോഹരമായ കാഴ്ച്ച കണ്ട് ഞങ്ങൾ മതിമറന്ന് നിന്ന് പോയി. അതിനുശേഷം ഞങ്ങൾ എല്ലാവരും ഒന്നിച്ച് കളിച്ചു. ഞങ്ങൾക്ക് കുറെ ആങ്ങളമാരെയും കിട്ടി. ഞങ്ങൾ അവിടെ നിന്ന് തിരിച്ചു. രാത്രി നല്ല ഭക്ഷണമായിരുന്നു. കാലത്ത് ഭക്ഷണത്തിനു ശേഷം **wonderla** യിലേക്ക് യാത്ര തിരിച്ചു. ഏകദേശം **10:30** ആയപ്പോൾ അവിടെയെത്തി. ആദ്യം ഞങ്ങൾ റൈഡുകളിൽ കയറി. ഭക്ഷണത്തിനു ശേഷം ഞങ്ങൾ വെള്ളത്തിൽ ഇറങ്ങി. **7:00** മണിയോടെ ഞങ്ങൾ അവിടെ നിന്നിറങ്ങി. പിന്നീട് ഞങ്ങൾ ആലക്കോട് എത്തിയതിനു ശേഷമാണ് ഉണർന്നത്. മണക്കടവ് എത്തിയതിന്ശേഷം ഞങ്ങളെ മാതാപിതാക്കൻമാർ കൂട്ടികൊണ്ടു പോയി. *അത്രയും നല്ല യാത്രയായിരുന്നു അത്*

# ഒരു യാത്ര മൊഴി

*അറിവിന്റെ ദീപമായ്*

*അണയാത്ത രശ്മിയായ്*

*പരിമളം ആവുമെൻ*

*ഐശ്വര്യബിംബമായ്*

*ദർശനമേകുവാൻ*

*ശ്രീപുരം തന്നിലായ്*

*വാണിടുന്നു*

*സൗഹൃത്തിൻ മധുരമെന്തെന്നു തെളിയിച്ചു*

*കാണിച്ചുതന്നപൊൻ കൂട്ടുകാരെ*

*ബാല്യമായ് വന്നെത്തി*

*കൗമാരമായ് മാറി വിദ്യവിജയം*

*വരിച്ചു നാം പോയിടുന്നു.*

*ജീവിത വീഥിയിൽ*

*നേർവഴി കാട്ടുവാൻ*

*ചൊല്ലി പഠിപ്പിച്ച*

*ഗുരു വാര്യരെ*

*ഓതുന്നൊരായിരം*

*നന്ദി ഞങ്ങൾ*

*പോകുന്നു നിറമിഴിയോടെ മെല്ലെ*

*നിമിഷ , ശ്യാമിലി , സിഞ്ജു*

# സന്മനസുള്ളവർക്ക് സമാധാനം

*വിജയപുരം രാജ്യത്തെ രാജാവ് തന്റെ രാജ്യത്തെ ചിത്രകാരന്മാരെയെല്ലാം വിളിച്ച് കൂട്ടി ഒരു പ്രഖ്യാപനം കണ്ടെത്താൻ ഒരു ചിത്രരചനാമത്സരം നടത്താൻ പോകുന്നു . സന്മനസ്സുള്ളവർക്ക് സമാധാനം എന്നതാണ് വിഷയം . ആ ചിത്രകാരന്മാർ രാജ്യത്തെ ഓരോ കുടിലിലും കൊട്ടാരങ്ങളിലും പള്ളികളിലും അമ്പലങ്ങളിലും എന്ന് തുടങ്ങി ഓരോ മുക്കിലും മൂലയിലും അന്വേഷിച്ചു . എന്നാൽ തങ്ങളുടെ ചിത്രത്തുണിയിലേയ്ക്ക് പകർത്താൻ തക്കതായ ഒരു സമാധാനവും എവിടെയും കണ്ടെത്താൻ അവർക്ക് സാധിച്ചില്ല . അങ്ങനെ വിഷമിച്ച് ജയന്തൻ എന്ന ചിത്രക്കാരൻ ഒരു കടപ്പുറത്ത് ഏകാന്തനായി ഇരിക്കുകയായിരുന്നു . നേരം കുറെ കഴിഞ്ഞ് , വാനം ഇരുണ്ടു വന്നു ,*

*കാറ്റും മഴയും ഒരുമിച്ചു വന്നു. തിരമാലകൾ ആഞ്ഞടിക്കാൻ തുടങ്ങി . അവിടെ കളിച്ചു കൊണ്ടിരുന്ന കുട്ടികളെല്ലാം തിടുക്കത്തിൽ ഓടിപ്പോയി . ജയന്തനും പോകാനായി എഴുന്നേറ്റു .*

*പെട്ടെന്നാണ് ജയന്തനൊരു കാഴ്ച കണ്ടത് . കടൽത്തീരത്തെ കരിങ്കൽ കെട്ടുകൾക്കിടയിൽ ഒരു കൊച്ചു കിളി ഉറങ്ങുന്നു . പുറത്തെ പേമാരിയും കടലിന്റെ ഇരമ്പലും ഒന്നുമറിയാതെ ഒരു പേടിയുമില്ലാതെ ശാന്തമായി കിടന്നുറങ്ങുന്ന ആ കിളി ജയന്തന്റെ ഹൃദയത്തിൽ പതിച്ചു . അവിടുന്ന് തിരിച്ചു പോയ ജയന്തൻ താൻ കണ്ട കാഴ്ച മനോഹരമായ ഒരു ചിത്രമാക്കി മാറ്റി .രാജാവിന് സമർപ്പിച്ചു .*

*ചിത്രകാരൻമ്മാർ കൊണ്ടുവന്ന ചിത്രങ്ങളെല്ലാം രാജാവ് പരിശോധിച്ചു. ഒടുവിൽ ജയന്തൻെറ ചിത്രത്തിൽ രാജാവ് താൻ അന്വേഷിച്ച സമാധാനം കണ്ടെത്തി . അതെ മനസ്സ് ശാന്തമാണെങ്കിൽ പുറത്തെ ബഹളങ്ങളൊന്നും ബാധിക്കില്ല എന്ന് വിളിച്ചോതുന്ന ആ ചിത്രം രാജാവിന് വളരെയധികം ഇഷ്ടമായി . വൈകാതെ രാജാവ് ജയന്തനെ കൊട്ടാരം ചിത്രകാരനായി പ്രഖ്യാപിച്ചു . കൂടാതെ വിലയേറിയ ഒരുപാട് സമ്മാനങ്ങും നൽകി ആദരിച്ചു.*

*ആ കിളിക്കുഞ്ഞിനെ പോലെ ശാന്തമായൊരു മനസ്സിനുടമയാണ് നമ്മളെങ്കിൽ സമൂഹത്തിലെ പ്രശ്നങ്ങൾ നമ്മെ ബാധിക്കില്ല എന്നതാണ് ഈ കഥയിൽ ഗുണപാഠം .*




# TIME IS STILL GOING.....

Time is precious. Time does not wait for us. In a village there lived a poor family. A father, mother and two children. As days passed they become very poor. Then they decided  to change their house from which lived. After 2 days they change to a village. The father Ragavan went to this job. After 1 month he got the salary.

But a problem was still going on time. Time is still going on. He had taken a loan for reaching his children. Time is going and he become very poor. There is no money with him. He said to his wife. We don't have any money with us and its the time for gave the loan. Only 2 more months were infront of us.  What will we do. They didn't knew what they should do. And he doesn't get the salary of

*this month. Time fastly gone. There were no idea for them. One day after the job when the Ragavan come, he said to his wife. There is no way for us. And the time is infront of us. It was 12$^{th}$ June. They needed to pay this on 20$^{th}$ June. They were very afraid. Only 8 days more. They decided to buy a 20000 rupees from his neighbour. The neighbour knew his condition very well. So he is not able to give him. Ragavan and his family was in a very bad condition. They did not get anything to ate one day.*

*It was 18$^{th}$ Saturday. Time is going very fastly. And they decided to ask neighbour. They asked neighbour 20000 rupees . But he is not writing. They begged. He said that I need urgent for 20$^{th}$ Monday. Then the neighbour said that I need it on 30$^{th}$ June. Then Ragavan said, I will surely gave it back on 28$^{th}$ June. The neighbour help the Ragavan. The days passed as a wink of an eye. It is 25$^{th}$ June. Only 3 more days to gave the money back. He hardly hardwork for 3 days. Then he gave the money back. Ragavan knewed onething. Time is precious. Time is still going. It doesn't wait for us.*

# വിദ്യാഭ്യാസത്തിൽ കലകൾക്കുള്ള സ്ഥാനം

വിദ്യാഭ്യാസമെന്നു പറയുമ്പോൾ ബുദ്ധിയേയും കർമ്മ ശക്തിയെയും വളർത്തുക എന്നു മാത്രമല്ലാ നാം വിവക്ഷിക്കുന്നത്. മനുഷ്യൻെറ അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക, അവനിലുള്ള താണ തരം വികാരങ്ങളെ മെരുക്കുകയും, സൽസ്വഭാവങ്ങളെ സംസ്കരിക്കുകയും ചെയ്യുക ഇവയൊക്കെ വിദ്യാഭ്യാസത്തിൻെറ മറ്റു ചില ലക്ഷ്യങ്ങളാണ്. ചിന്തിക്കാനും ആധുനിക ജീവിതത്തിൻെറ സങ്കിർണ്ണമായ ചുമതലകളെ ഏറ്റെടുക്കാനും കഴിവുള്ള ചെറുപ്പക്കാരെ സ്രുഷ്ടിക്കുക എന്നത് ഏതു രാഷ്ട്രത്തിൻെറയും നിലനിൽപ്പിനു തന്നെ ആവിശ്യമാണ്. ക്ലാസ്സുറികളിലും, ലാബററ്ററികളിലും ഒതുങ്ങിനിൽക്കാത്ത ഒരു വിദ്യാഭ്യാസമുണ്ട്. സാഹിത്യത്തിൻെറയും, കലകളുടെയും മനുഷ്യചരിത്രത്തിൻെറയും മണിയറകളിൽ നിന്നു മാത്രമെ ഇതു ലഭിക്കുകയുള്ളൂ. ഈ വിദ്യാഭ്യാസമാണ് മനുഷ്യൻെറ ഏണ്ടും കോണുംചെത്തി മിനുക്കി അവനൊരു സംസ്കാരസമ്പന്നൻെറ രൂപം നൽകുന്നത്. സാഹിത്യത്തിനും ചരിത്രത്തിനും മുൻമ്പുതന്നെ വിദ്യാഭ്യാസത്തിൽ സ്ഥാനം നൽകിതുടങ്ങിയിട്ടേയുള്ളൂ.

# സൂര്യൻെറ വിലാപം

**"സൂര്യൻ കിഴക്കുദിച്ചു പൊങ്ങിടുന്നു.**
**സൂര്യകിരണങ്ങളാൽ തഴുകി-**
**തൊട്ടുണർന്നീടുന്ന സസ്യലതാദികൾ**
**ഹാ പുഷ്പമേ നിനക്കാരു-**
**നൽകിയീ നാമം "സൂര്യകാന്തി"**
**ഇമവെട്ടാതെ എന്നെ ഉറ്റു നോക്കുമീ-**
**നീയിന്നെവിടെ പോയ് മറഞ്ഞു.**
**ജീവനറ്റു ചെടിതൻ ചോട്ടിൽ കിടക്കുന്നു**
**സുന്ദരിയായവൾ സൂര്യകാന്തി"**

*ഗായത്രി പ്രസന്നനൻ*

# RAIN



*Rain is a beauty queen*
*coming from the heaven*
*To my lovely heart*
*As white as a snow.*

*Rain is a little child*
*coming from the heaven,*
*To play with us and,*
*To stay with us.*

*Rain is the player*
*Rain is the lover*
*comes by however*
*makes happy forever.*

***Krishna Lal***

# മാർച്ച്

*ഒരു നിമിഷം നിശബ്ദരാവുക*
*ഈ വഴിയമ്പലത്തിന്റെയവസാന വാതിലും*
*അടയുകയായ്,കണ്ണടച്ച് ഉറക്കും മുൻപേ കാലം മുന്നലൂടെയൊഴുകിപ്പോയി*
*വേനൽമരത്തിലെയില കൊഴിയുമ്പോൾ*
*ഓർക്കുക*
*നാമീ സ്നേഹകടങ്കഥക്ക് ഉത്തരവും*
*ഉപേക്ഷിച്ച് പോയവർ*
*കലിയും കലയും കൊണ്ട ഹൃദയം*
*സ്നേഹത്തിന് പകരം കൊടുത്തവർ*
*പെരുമഴവീണ് മനസ്സിന്റെ ചതുപ്പിൽ നിന്നും*
*കണ്ണീരിന്റെ മടമറയും മുൻപ്*
*ചന്ദനവെയിലിന്റെ മഞ്ചലിറങ്ങും വഴി*
*മടക്കമാണ്.*
*ഓർമ്മപ്പുസ്തകത്തിലൊരു വരി കവിത*
*പോകുന്നേ, പോകുന്നേ ഞാൻ വരും.*
*ഈ അരമതിലിൽ ഇത്തിരിനേരം വെറുതെയിരിക്കാം*
*ഇനിയും ആരും വരാനില്ലല്ലൊ*
*ഉള്ളിലെ കിളികളെല്ലാം പറന്നുപോകുന്നു*
*വിടപറയാൻ മാത്രം പൂത്ത കണിക്കൊന്ന*
*ആരുടെ കണ്ണീരാണീ പൂക്കളായ്*
*ഉരുകി വീഴുന്നത്*
*എന്റെയോ നിന്റെയോ?*
*നമ്മുടെയോ?*

***വിവേക് നോബിൾ***

# എന്റെ വിദ്യാലയം

അറിവിന്റെ ദീപമായ്
നന്മതൻ നാളമായ്
തെളിയുകയാണെന്റെ വിദ്യാലയം....
ആത്മസൗഹൃദത്തിന്റെ
സ്നേഹസാന്ദ്രതയുടെ
നിറവിളക്കാണെന്റെ അധ്യാപകർ....
നന്മതൻ പാതയിൽ
സത്യത്തിൻ വീഥിയിൽ
എന്നെ നയിക്കുന്നെൻ സഹപാഠികൾ....
എന്നിലേയ്ക്കറിവിനെ
വഴിതെളിക്കുന്നൊരു
ചെറുതുവൽ പക്ഷിയെൻ വിദ്യാലയം....
ശലഭങ്ങൾമാതിരി
ആകാശവീഥിയിൽ
നന്മകൾ വിതറുന്നെൻ അധ്യാപകർ....
ഒരിക്കലും മറക്കുവാൻ
കഴിയാത്ത രീതിയിൽ
സ്നേഹം വിടർത്തുന്നെൻ വിദ്യാലയം....
എന്നിലെ എന്നെ
ഞാനാക്കി മാറ്റുന്ന
അറിവിൻ ശാഖയെൻ വിദ്യാലയം....

-കൃഷ്ണാ ലാൽ

# ഔഷധസസ്യങ്ങൾ

ഔഷധസസ്യങ്ങൾ (മെഡിസിനൽ ഹെർബസ്) ചരിത്രാതീത കാലം മുതൽ പരമ്പരാഗത വൈദ്യത്തിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സസ്യഭുക്കുകളായ സസ്തനികൾക്ക് പ്രാണികൾ പൂപ്പൽ, രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ വേണ്ടി സസ്യങ്ങൽ നൂറുകണക്കിന് രാസ സംയുക്തങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജൈവ പ്രവർത്തനങ്ങളുള്ള നിരവധി ഫൈറ്റോകെമിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും ഒരൊറ്റ സസ്യത്തിൽ തന്നെ വളരെയധികം വൈവിധ്യമാർന്ന ഫൈറ്റോകെമിക്കൽസ് അടങ്ങിയിരിക്കുന്നതിനാൽ മുഴുവൻ സസ്യങ്ങളേയും ഔഷധമായി ഉപയോഗിക്കുന്നത് അനിവാര്യമല്ല. കൂടാതെ, ഔഷധ ശേഷിയുള്ള ധാരാളം സസ്യങ്ങളുടെ ഫൈറ്റോകെമിക്കൽ ഉള്ളടക്കവും ഹാർമക്കോളജിക്കൽ പ്രവർത്തനങ്ങളുടേയും ഫലപ്രാപ്തിയും സുരക്ഷിതത്വവും നിർവചിക്കാൻ കർ ശനമായ ശാസ്ത്രീയ ഗവേഷണം നടത്തിവരുന്നു.

1999 മുതൽ 2012 വരെ അമേരിക്കയിൽ, പുതിയ ഡ്രഗ്സ്റ്റാറ്റസിനു വേണ്ടി നൂറുകണക്കിന് അപേക്ഷകൾ ലഭിച്ചെങ്കിലും രണ്ട് ബോട്ടോണിക്കൽ ഡ്രഗ് സ്ഥാനാർത്ഥികൾക്ക് മാത്രമേ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ അംഗീകാരമുള്ള ഔഷധമൂല്യത്തിന് മതിയായ തെളിവുകൾ നൽകാൻ കഴിഞ്ഞുള്ളൂ.

സുമേറിയൻ നാഗരികതയിൽ സസ്യങ്ങളെ കുറിച്ചുള്ള ആദ്യകാല ചരിത്രരേഖകൾ കാണാം. നൂറ് കണക്കിന് ഔഷധസസ്യങ്ങളിൽ മാത്രം

കളിമൺ ഗുളികകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പുരാതന ഈജിപ്തിലെ എബേർസ് പാപ്പിറസില് 850 സസ്യ ഔഷധങ്ങളെ കുറിച്ച് വിവരിക്കുന്നു. ഡിമെറ്റീരിയാ മെഡിക്കയിലെ 600 ഔഷധസസ്യങ്ങളെ ഉപയോഗിച്ചുള്ള മരുന്നുകൾക്കായി ആയിരത്തിലധികം കുറിപ്പുകൾ ഡയസ്കോറിഡ്സ് രേഖപ്പെടുത്തുന്നു. ഇത് 1500 വർഷത്തോളം പഴക്കമുള്ള ഫാർമക്കോപ്പിയയ്ക്ക് അടിത്തറ ഉണ്ടാക്കുന്നു. ഔഷധ ഗവേഷണത്തിൽ പ്രകൃതിയിൽ ഫാർമക്കോളജിക്കൽ പരമായി സജീവമായ പദാർത്ഥങ്ങളെ അന്വേഷിക്കുന്നതിനായി എത്നോബോട്ടണി ഉപയോഗിക്കുന്നു.

കൂടാതെ ഈ രീതിയിൽ നൂറുകണക്കിന് ഉപയോഗപ്രദമായ സംയുക്തങ്ങളെ കണ്ടെത്താനും സഹായിക്കുന്നു. ഇവ സാധാരണ മരുന്നുകളായ ആസ്പിരിൻ, ഡിജോക്സിൻ, ക്വിൻയിൻ, ഒപിയം എന്നിവയാണ്. സസ്യങ്ങളിൽ അടങ്ങിയിരിക്കുന്ന സംയുക്തങ്ങൾ പല തരത്തിലുണ്ട്. എന്നാൽ ഭൂരിഭാഗവും ജൈവിക രാസഘടകങ്ങളായ ആൽക്കലോയിടുകൾ. പോളിഫിനോൾസ്, ടെർപിൻസ് എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. വ്യവസായവത്ക്കരിക്കപ്പെടാതെ സമൂഹത്തിൽ ഔഷധ സസ്യങ്ങൾ ആധുനിക മരുന്നുകളേക്കാൾ ലഭ്യമാകുന്നതുകൊണ്ടും വളരെ വിലകുറവുള്ളതു കൊണ്ടും ഇവ വ്യാപകമായി ഉപയോഗിക്കുന്നു. 2012 ൽ 500,000 മുതൽ 70,000 ഔഷധഗുണങ്ങളുള്ള സസ്യവർഗ്ഗങ്ങളുടെ ആഗോള കയറ്റമതി മൂല്യം 2.2 ബില്യൺ യു.എസ് ഡോളറായിരുന്നു.

# ചിത്രങ്ങൾ......



ആടലോടകം



കറ്റാർവാഴ



ആരിവേപ്പ്



ചെത്തി



***ഇഞ്ചി***



***കീഴാർനെല്ലി***

# *On schooling and education*

***We think of 'success' as synonymous with or at least dependent upon schooling, but historically that isn't true. Many of the world's greatest men were not well-schooled. Albert Einestein, the 1921 Nobel winner is regarded as the most important scientist of the 20th century. When he was young, his parents thought he was mentally retarded. His grades in school were so poor that a teacher asked him to quit saying,"Einstein, you will never amount to anything!". He dropped out of school at age 15.Abraham Lincoln received no more than five years of formal education. Winston Churchill failed the 6th grade. Bill Gates dropped out of Harvard University to form Microsoft. Later, he received honorary doctorate degree from Harvard University. Henry Ford never graduated high school, but went on to start one of the largest automobile manufacturing Companies in the world, Ford Motor Company.***

***Isacc Newton was the greatest mathematician of his generation. When he was young, he did very poorly in school, so poor that his teachers became clueless in improving his grades.***

*When Thomas Edison was a boy his teacher told him he was too stupid to learn anything. When he set out on his own, he became the most prolific inventors in history, holding 1093 U.S patents to his name.*

*Ludwig van Beethoven is regarded as history's supreme music composer. Before the start of his career, Beethoven's music teacher once said of him, "as a composer, he is hopeless". Micheal Jordon is the greatest basketball player of all time. He was out from high school basketball team because of his 'lack of skill'. Steven Spielberg, the most successful film maker in history, dropped out of junior high school. He was persuaded to come back and was placed in a learning disabled class from where he dropped out after one month.*

*Dhirubhai Ambani, the founder of Reliance Industries limited never attended high school. George Bernard Shaw not only dropped out of school but held an outright animosity towards schooling throughout his life.*

*The last personality in this species is Steve jobs, the CEO of Apple industries. His passion for perfection and ferocious drive revolutionized six industries: personal computers, animated movies, music, phones, tablet computing, and digital publishing.*

*Jods stands as the ultimate icon of inventiveness and imagination. Steve Jobs was a college drop-out and expressed passionate opinion on the urgent need to transform school system. What does history tell your students? These are men who rose above the rest in their own areas of interest. The system of school and it teacher failed to recognise their genius just because the school practices were not designed to recognise. Do they recognise genius now? what enable these great men to rise above the well schooled ones? Is it their opportunity to drop out of school? Is it their escape from the dreary and oppressing school system? Is something wrong with well schooled human being? It is time to reflect upon this issue in detail.*

# ജീവിതനൈപുണികൾ വിദ്യാർത്ഥികളിൽ

ജീവിതനൈപുണി വിദ്യാഭ്യാസത്തിൻെറ പ്രസക്തി വർധിച്ച വരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്.ശാസ്ത്ര സങ്കേതികരംഗത്തെ വളർച്ച വഴി വിവരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ പലപ്പോഴും നമ്മൾക്ക് കഴിയുന്നില്ല എന്നത് ഗൗരവമായി കാണേണ്ടതാണ്. ഇത് കുട്ടികളുടെ വെക്തിത്വവികാസത്തെ പ്രതികൂലമായി ബാധിക്കാം.

വളർച്ചയുടെ സവിശേഷഘട്ടമാണ് കൗമാര ശാരീരിക വളർച്ചയുടെ ഭാഗമായി പല മാറ്റങ്ങളും സംഭവിക്കുന്നു. ഇത് ചിലരിലെങ്കിലും മാനസിക സമ്മർദ്ദത്തിന് കാരണമാകുന്നു. ശരിയായ ഭക്ഷണക്രമം, വ്യായാമം, വിനോദം, മാനസിക പിന്തുണ എന്നിവയിലൂടെ ഈ സമ്മർദ്ദത്തെ അതിജീവിക്കാൻ കഴിയും. ഇതിനായി ജീവിതനൈപുണികൾ ആർജിക്കേണ്ടത് അനിവാര്യമാണ്.

WHO നിർദ്ദേശിക്കുന്ന ജീവിതനൈപുണികൾ ഇവയാണ്.

1. ***സ്വയം അറിയുക*** ...... അവനവന്റെ കഴിവുകളും കഴിവുകേടുകളും തിരിച്ചറിയാനും, കഴിവുകള് പരമാവധി വികസിപ്പിക്കാനുമുള്ള ശേഷി.

2. ***ക്രിയാത്മക ചിന്ത*** …… *തീർത്തും പുതുമയാർന്ന അനുഭവങ്ങള് ഉണ്ടാകുമ്പോള്, വ്യത്യസ്തമായി ചിന്തിക്കാനുമുള്ള കഴിവ്.*
3. ***വിമർശനാത്മക ചിന്ത*** …… *ഒരു സംഗതിയുടെ ഗുണവശങ്ങളും, ദോഷവശങ്ങളും വ്യക്തമായി മനസ്സിലാക്കി, അനുയോജ്യമായ സമീപനം സ്വീകരിക്കാനുള്ള കഴിവ്.*
4. ***തീരുമാനമെടുക്കൽ*** …… *ജീവിതത്തിൽ ചുരുങ്ങിയ സമയം കൊണ്ട് ഏറ്റവും ഉചിതമായ തീരുമാനമെടുക്കാനും ഉത്തരവാദിത്തബോധത്തോടെ അത് നടപ്പാക്കാനുള്ള കഴിവ്.*
5. ***പ്രശ്നപരിഹരണം*** - *ജീവിതത്തിലുണ്ടാകുന്ന സങ്കീർണ്ണമായ പ്രശ്നങ്ങള് ലഘൂകരിച്ച് അവ അപഗ്രഥിച്ച് വേണ്ട പരിഹാരം കണ്ടെത്താനുള്ള കഴിവ്.*
6. ***ആശയവിനിമയം*** - *ഒരു വ്യക്തിക്ക്, സ്വന്തം ആശയങ്ങള് വ്യക്തമായി പ്രകടിപ്പിക്കാനും മറ്റുള്ളവർ പറയുന്നത് ശ്രദ്ധിക്കാനുമുള്ള കഴിവ്.*
7. ***വ്യക്ത്യാന്തര ബന്ധം*** - *ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പരിചയപ്പെടുന്ന വ്യക്തികളോട് ഉചിതമായ രീതിയിലുള്ള ബന്ധം സ്ഥാപിക്കാനും നിലനിർത്താനും സാമൂഹിക ബോധം വളർത്തുവാനുള്ള കഴിവ്.*
8. ***അനുതാപം*** - *മറ്റൊരു വ്യക്തി അനുഭവിക്കുന്ന വികാരങ്ങള് അതേ തീവ്രതയോടെ ഉള്ക്കൊണ്ട് അതിനനുസരിച്ച് പെരുമാറാനുള്ള കഴിവ്.*
9. ***വികാരങ്ങളുമായി പൊരുത്തപ്പെടൽ*** - *മനുഷ്യ സഹജമായ കോപം, സന്തോഷം, നിരാശ, സ്നേഹം, ഉത്കണ്ഠ തുടങ്ങിയ*

വികാരങ്ങള് തിരിച്ചറിയാനും, അവ നിയന്ത്രിച്ച്, ജീവിതത്തിനുപകരിക്കും വിധം പ്രയോജനപ്പെടുത്താനുമുള്ള കഴിവ്.

10. **മാനസിക സമ്മർദ്ദങ്ങളുമായി പൊരുത്തപെടൽ** - ജീവിതത്തില് സമ്മർദ്ദമുണ്ടാക്കുന്ന സാഹചര്യങ്ങള് ഫലപ്രദമായി നേരിടാനും, സമ്മർദ്ദം ജീവിതത്തെ ബാധിക്കാത്ത വിധം നിയന്ത്രിച്ചു നിർത്താനുമുള്ള കഴിവ്.

കൗമാരഘട്ടത്തിലെ ശാരീരിക മാനസിക വളർച്ചാ സവിശേഷതകൾ തിരിച്ചറിയുന്നതിനും വൈകാരിക സന്തുലനം കൈവരിക്കുന്നതിനും ജീവിത നൈപുണികൾ സഹായിക്കും.

...........................

# നിഴൽ



മൂകമായ് എന്നിലെ
ഭാവമായ് വിരിയുന്ന
രൂപമില്ലാത്തൊരെൻ ചൈതന്യമെ
ഞാൻ നടന്നീടുമ്പോൾ
ഏകയായ് അലയുന്ന
എന്നിലെ തെളിവായ രൂപാംഗനെ
നീയെന്നും നിഴലായ്
നിഴൽ മാത്രമായെന്നും
എന്നിലെ സ്വത്വത്തെ പിൻതുടർന്ന
വിടരുന്ന കണ്ണുകളിൽ
നിറയുന്ന പൂമിഴിയിൽ
എന്നിലെ നിഴലിന്നെ ഞാനറിഞ്ഞു
ഒരു തുണ്ടുവെളിച്ചമി
ന്നെന്നെ തേടിയെത്തുമ്പോൾ
അറിയാതെയെന്നിൽ നിന്നകലുന്നു നീ
ഇത്രയും ഭയമെന്നോ
വെളിച്ചത്തെ കൺപാർക്കുവാൻ
എന്നിലെ ഇരുളായ എൻ നിഴലെ .

ഡിനി മോൾ .പി .സി

# ശ്രീപുരം നാൾവഴികളിലൂടെ

## നമ്മുടെ സ്കൂൾ നാൾവഴികളിലൂടെ...........

മണക്കടവ് ശ്രീപുരം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ 1962 ൽ മുക്കടയിൽ തുടങ്ങിയ ഏകാധ്യാപക വിദ്യാലയമാണ്.അതേവർഷം തന്നെ ശ്രീ. പി.ആർ രാമവർമ്മരാജ, സ്കൂളിനായി രണ്ടേക്കർ സ്ഥലം സൗജന്യമായി അനുവദിച്ചു.ബഹുജനപങ്കാളിത്തോടെ സ്കൂൾ കെട്ടിടനിർമ്മാണം ആരംഭിക്കുകയും സ്കൂളിൻെറ പ്രവർത്തനം മണക്കടവിലേക്ക് മാറ്റുകയും ചെയ്തു. സ്കൂളിൻെറ അഭ്യുദയകാംക്ഷികളായ നാട്ടുകാർ സ്കൂൾ വെൽഫെയർ കമ്മിറ്റി രൂപീകരിച്ച് പിന്നീട് ഒരേക്കർ മൂന്ന് സെൻെറ സ്ഥലംകൂടി സ്കൂളിനായി വാങ്ങുകയും ചെയ്തു. ഇന്ന് 1000 ലേറെ വിദ്യാർത്ഥികളും 50 ലേറെ അധ്യാപക അനധ്യാപക ജീവനക്കാരും ഈ സ്ഥാപനത്തിൻെറ ഭാഗമാണ്.സ്കൂളിൻെറ സർവ്വതോന്മുഖമായ വികസനപ്രവർത്തനങ്ങസൾക്ക് നേതൃത്വം നൽകുന്നതിന് സുശക്തമായ P.T.A ,S.M.C ,S.M.D.C, MOTHER P.T.A കമ്മറ്റികൾ സജീവമായി നിലനിൽക്കുന്നു .

അക്കാദമിക പ്രവർത്തനങ്ങൾ 2018-2019 അധ്യയനവർഷം സ്കൂളിന്റെ അക്കാദമിക രംഗത്ത് എടുത്തപറയത്തക്ക ഓട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്. S.S.L.C കുട്ടികളുടെ വിജയനിലവാരം ഉയർത്തുന്നതിലേക്കായി ഓരോ മാസവും പ്രത്യേകം പരീക്ഷകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ, മോട്ടിവേഷൻ ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. തൽഫലമായി ചരിത്രത്തിലാദ്യമായി S.S.L.C. പരീക്ഷയിൽ 9 കുട്ടികൾക്ക് ഫുൾ A+ ഉം പ്ലസ്ടു പരീക്ഷയിൽ 8 കുട്ടികൾക്ക് ഫുൾ A+ ഉം നേടുവാൻ കഴിഞ്ഞു . യഥാക്രമം S.S.L.C. ക്ക് 99% വും, പ്ലസ്ടുവിന് വിവിധ വിഷയങ്ങളിലായി 95% വും വിജയം നേടുവാൻ നമ്മുടെ കുട്ടികൾക്കായിട്ടുണ്ട്. കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനായി മാസംതോറുമുള്ള ഗൃഹസന്ദർശനം നടത്തുന്നതിന് PTA, SMC , MPTA, കമ്മറ്റികളുടെ നിർലോഭമായ സഹകരണം നമ്മുക്കുണ്ടായിട്ടുണ്ട്. സ്കൂളിൻെറ അക്കാദമിക രംഗത്തോടപ്പം കലാ-കായിക-ശസ്ത്ര മേഖലകളിൽ കുട്ടികളുടെ പ്രവർത്തനം ഏകോപിപ്പിച്ച് നിർത്തി നമ്മുടെ സ്ഥാപനത്തിൻെറ യശ്ശസ് ഉയർത്തുന്ന പ്രവർത്തനങ്ങളിൽ നല്ലവരായ രക്ഷിതാക്കളുടെയും വിവിധ കമ്മറ്റികളുടെയും പ്രവർത്തനം എടുത്ത് പറയേണ്ടതാണ്.

# പ്രവേശനോത്സവം 2019-20

മണക്കടവ് ശ്രീപുരം ഗവ.ഹയർ സെക്കടണ്ടറി സ്കൂളിന്റെ ഈ അധ്യയന വർഷത്തെ പ്രവേശനോത്സവം 2019 ജൂൺ 6-ാം തീയതി പി.ടി.എ. പ്രസിഡന്റെ ശ്രീ.കെ.ടി.സുരേഷ് കുമാറിന്റെ അധ്യക്ഷതയിൽ ഉദയഗിരി ഗ്രാമപഞ്ചായത്ത് വൈറസ് പ്രസിഡന്റെ ശ്രീ.സിജോ ജോർജ് തുണ്ടിയിൽ ഉദ്ഘാടനം ചെയ്തു.ചടങ്ങിൽവച്ച് നവാഗതരായ കുട്ടികൾക്ക് പഠന കിറ്റും മധുരപലഹാരങ്ങളുംവിതരണംചെയ്തു

# വിജയോത്സവം 2019 ജൂലായ് 18

മണക്കടവ് ശ്രീപുരം ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ ഒന്നുമുതൽ പ്ലസ്ടു വരെ ക്ലാസുകളിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികളുടെ പൂർവ്വാധ്യാപകരും സ്കൂളിന്റെ അഭ്യുദയകാംക്ഷികളും ഏർപ്പെടുത്തിയ വിവധ എൻഡോവ്മെന്റുകളും ക്യാഷ് അവാർഡുകളും P.T.A. പ്രസിഡന്റ് ശ്രീ K.T. സുരേഷ്കുമാറിന്റ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. ജോയി കൊന്നക്കൽ വിതരണം ചെയ്തു. ചടങ്ങിൽ ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മിനി മാത്യു, ഭരണസമിതി അംഗങ്ങളായ ശ്രീമതി. ബീന സുരേഷ്, ശ്രീമതി. സരിത മാത്യു എന്നിവർ സന്നിഹിതരായിരുന്നു. സ്കൂൾ പ്രിൻസിപ്പൽ ശ്രീ. സുഹൈൽ സാഹിബ് സ്വാഗതവും ഹെഡ്മാസ്റ്റർ ശ്രീ. പി. വി. വിജയൻ നന്ദിയും പറഞ്ഞു.

# ഓണാഘോഷം

ഈ വർഷത്തെ ഓണാഘോഷം വിവിധ കലാപരിപാടികളോടുകൂടി നടത്തപ്പെട്ടു. മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസ നിധിയിലേക്ക് കുട്ടികൾ സമാഹരിച്ച തുകയും ജീവകാരു ണ്യ പ്രവർത്തനം 2019 എന്ന നിലയിൽ ഏർപ്പെടുത്തിയ ചികി ത്സ സഹായ ഫണ്ടും അന്നേദിവസം ഹെഡമാസ്റ്ററും പ്രിൻസിപ്പലും ചേർന്നു ഏറ്റു വാങ്ങി. സ്കൂൾ പി . ടി . എ ., എസ് . എം . സി ., മദർ പി . ടി . എ . എന്നീ കമ്മറ്റികളുടെ നേതൃത്വത്തിൽ ഓണ സദ്യ, ഡിജിറ്റൽ പൂക്കളമത്സരങ്ങൾ എന്നിവയും ഉണ്ടായിരുന്നു .

# ഓഡിറ്റോറിയം ഉദ്ഘാടനം



2019 ഒക്ടോബർ 11 ബഹു . എം .എൽ .എ .ശ്രീ കെ .സി . ജോസഫിന്റെ ആസ്തി വികസന ഫണ്ടിൽ അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ . കെ . വി . സുമേഷിന്റെ അദ്ധ്യക്ഷതയിൽ ബഹു . എം .എൽ .എ . ശ്രീ . കെ . സി . ജോസഫ് നിർവ്വഹിച്ചു . ചടങ്ങിൽ ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീ . ജോയി കൊന്നക്കൽ ,ഉദയഗിരി ഗ്രാമപ ഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി .മിനി മാത്യു , സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ശ്രീമതി . ബീന സുരേഷ്, ശ്രീമതി . സരിത മാത്യു ,

സ്കൂൾ പ്രിൻസിപ്പൽ ശ്രീ. മാർട്ടിൻ മാത്യു , എസ്.എം. സി. ചെയർമാൻ ശ്രീ. ബ്രൂസിലി മൂഴിയിൽ , വിവിധ സാമൂഹിക -രാഷ്ട്രീയ പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു. ചടങ്ങിൽ വച്ച് സ്കൂളിൽ പുതുതായി 5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനം ബഹു. എം.എൽ.എ. ശ്രീ. കെ. സി. ജോസഫ് പ്രഖ്യപിച്ചു. ചടങ്ങിൽ പി. ടി . എ. പ്രസിഡന്റ് ശ്രീ. കെ. ടി. സുരേഷ് പി.ടി. എ. പ്രസിഡന്റ് ശ്രീ. കെ. ടി. സുരേഷ്കുമാർ സ്വാഗതവും ഹെഡ്മാസ്റ്റർ ശ്രീ. പി. വി. വിജയൻ നന്ദിയും അറിയിച്ചു.

# രക്തദാന ക്യാമ്പ്




കണ്ണൂർ ജില്ലാ ആശുത്രിയുടെ സഹകരണത്തോടെ ശ്രീപുരം എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2019 ഒക്ടോബർ 29 ന് 50 രക്ത ദാതാക്കളുടെ രക്തസമാഹരണം നടത്തി. സ്കൂൾ പ്രിൻസിപ്പൽ ശ്രീ.മർട്ടിൻ മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ഉദയഗിരി ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചേയർപേഴ്ൺ ശ്രീമതി.ബീന സുരേഷ് ഉദ്ഘാടനം ചെയ്തു.ഹെഡ്മാസ്റ്റർ ശ്രീ.പി.വി.വിജയൻ,എസ്.എം,സി.ചെയർമാൻ ശ്രീ ബ്രൂസിലി മൂഴിയിൽ എന്നിവർസംസാരിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. എം.ടി. ജോസഫ് നന്ദി പറഞ്ഞു.

# നവംബർ 14

## പ്രതിഭാ സംഗമം ശിശുദിന റാലി



2019 നവംബർ 14 ശിശുദിനത്തോടനുബന്ധിച്ച് സബ്ജില്ല- ജില്ല- സംസ്ഥാനതല കലാ- കായിക- ശാസ്ത്ര മേളകളിൽ മികച്ച വിജയം നേടിയ കുട്ടികളെ ആദരിച്ചുകൊണ്ടുള്ള പ്രതിഭാ സംഗമവും, ശിശുദിന റാലിയും ബഹുജന പങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കപ്പെട്ടു. നിരവധി മുത്തുക്കുടകളുടെയും താളമേളങ്ങളുടെയും അകമ്പടിയോടുകൂടിയുള്ള പ്രസ്തുത പരിപാടി നാടിന് വേറിട്ടൊരു ദൃശ്യാനുഭവം പകർന്നു. റാലിക്കു ശേഷം 1 മുതൽ 10 വരെ ക്ലാസിലെ കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി ക്ലാസുകളിൽ ഒരുക്കിയ സ്നേഹവിരുന്ന് പുതിയൊരു അനുഭവമായിരുന്നു.

# കായികമേള ‘19’




ഈ വർഷത്തെ കായികമേള ഉദയഗിരി സെന്റ് മേരീസ് ചർച്ച് ഗ്രൗണ്ടില് വെച്ച് നടത്തപ്പെട്ടു. മത്സരങ്ങളില് മികച്ച വിജയം കൈവരിച്ച കുട്ടികൾ സബ്ബ്ജില്ല-ജില്ല-സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്ത് സ്കൂളിന് മികച്ച വിജയം നേടിയെടുത്തു.വിഷ്ണു മനോജ്, അജിത് സി.എസ്, തെരേസ് മരിയ ബ്രൂസിലി, അനാമിക ടി.വി, ആനന്ദ് പി.ആർ.,അൽഫോൻ പി.ടി. എന്നീ വിദ്യാർത്ഥികൾ സ്കൂളിൻെറ അഭിമാന താരങ്ങളായി.

# ഉപജീവനം 2019



സ്കൂൾ എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സഹപാഠിക്കൊരു കൈത്താങ്ങ് എന്ന പദ്ധതിയുടെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സൈകാകിൽ ജില്ല പഞ്ചായത്ത് മെബർ ശ്രീ. ജോയി കൊന്നക്കലിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മിനി മാത്യൂ വിവരണം ചെയ്തു.സ്കൂൾ പ്രോഗ്രാം ഓഫീസർ ശ്രീ.എം.ടി. ജോസഫ് നേതൃത്വം നൽകി.

# ബാലോത്സവം

*2019 ഒക്ടോബർ 11 ന് എൽ. പി. കുട്ടികളുടെ കലോത്സവം ബാലോത്സവം 2019 വിവിധ പരിപാ ടികളോടുകൂടി സംഘടിപ്പിക്കപ്പെട്ടു. മുൻ പ്രിൻസിപ്പിൽ ശ്രീ. കെ. ജെ. ജനാർദ്ദനനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വച്ച് ഡോക്ടറേറ്റ് നേടി അദ്ധ്യാപിക ഡോ. നീന ഒ. പി. ക്ക് ഉപഹാരം സമർപ്പിച്ചു.*

# KALARAVAM-19



ശ്രീപുരം മണക്കടവ് ഗവ. ഹയർസെക്കണ്ടറിസ്കൂളിലെകലോത്സവം കലാരവം 19 പ്രസിദ്ധ മലയാള സിനിമ സംവിധായകനും 2018 ലെ മികച്ച മലയാള സിനിമക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം നേടിയ കാന്തൻ The lover of colour സംവിധായകനുമായ ശ്രീ.ഷെരീഫ് ഈസ നിർവ്വഹിച്ചു.സ്കൂൾ തലത്തിൽ മികച്ച വിജയം നേടിയ കുട്ടികൾ സബ്ബ്ജില്ലാ-ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുകയും നമ്മുടെ സ്കൂൾ സർക്കാർ വിദ്യാലയങ്ങളുടെ പട്ടികയിൽ മികച്ച സ്ഥാനം കൈവരിക്കുകയും ചെയ്തു.

# നന്ദി .....